"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ്-2024-25 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കൂലിയിനത്തിൽ കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി(കെ.ബി.പി.എസ്.)-ന് നൽകാനുള്ള തുക അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ(എം)വകുപ്പ്**

സ.ഉ.(സാധാ) നം.5594/2026/GEDN തീയതി,തിരുവനന്തപുരം, 29-08-2026

---

പരാമർശം:-

1. 24.08.2023 തീയതിയിലെ സ.ഉ.(സാധാ)നം.4839/2023/GEDN നമ്പർ ഉത്തരവ്
2. 29.04.2026 തീയതിയിലെ സ.ഉ.(സാധാ)നം.2952/2026/GEDN നമ്പർ ഉത്തരവ്
3. 25.06.2026 തീയതിയിലെ സ.ഉ.(സാധാ)നം.4189/2026/GEDN നമ്പർ ഉത്തരവ്
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 03.08.2026 തീയതിയിലെ TBO/9/2025-C നമ്പർ കത്ത്

**<u>ഉത്തരവ്</u>**

2024-25 അദ്ധ്യയന വർഷത്തെ ഒന്ന് മുതൽ പത്ത് വരെ ക്ലാസുകളിലേയ്ക്കുള്ള പാഠപുസ്തക അച്ചടി, വിതരണം എന്നിവ കെ.ബി.പി.എസ് - നെ ചുമതലപ്പെടുത്തിക്കൊണ്ടും, പാഠപുസ്തക അച്ചടിയ്ക്കാവശ്യമായ പേപ്പർ, സ്റ്റോർ പർച്ചേസ് മാനദണ്ഡം പാലിച്ചുള്ള ടെൻഡർ നടപടികൾ സ്വീകരിച്ച് വാങ്ങി സമയബന്ധിതമായി കെ.ബി.പി.എസ് - ന് നൽകുന്നതിന് സ്റ്റേഷനറി വകുപ്പിനെ ചുമതലപ്പെടുത്തിക്കൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു.

2. 2024-25 അദ്ധ്യയന വർഷത്തെ അച്ചടിക്കൂലിയിനത്തിൽ കെ.ബി.പി.എസ് മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ ഇൻവോയ്സുകൾ, സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ പരിശോധനയ്ക്കായി കൈമാറിയിരുന്നു എന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഈയിനത്തിൽ 22,11,88,307/- (ഇരുപത്തിരണ്ട് കോടി പതിനൊന്ന് ലക്ഷത്തി എൺപത്തിയെട്ടായിരത്തി മുന്നൂറ്റി ഏഴ് രൂപ മാത്രം) രൂപ അനുവദനീയമാണെന്ന് സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് കണ്ടെത്തിയിരുന്നു എന്നും പരാമർശം (4) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു.

3. ഇൻവോയ്സുകളുടെ വിശദാംശങ്ങൾ ചുവടെച്ചേർക്കുന്നു :-

| No | VOL | INVOICE NO | INVOICE DATE | INVOICE AMOUNT (Amount in Rupees) |
|---|---|---|---|---|
| 1 | I | 10904 | 21.12.2024 | 13,46,47,725/- |
| 2 | I Addl | 11034 | 30.01.2025 | 22,32,470/- |
| 3 | II<br>II Addl<br>W.I | 10997 | 22.01.2025 | 8,02,51,146/- |
| 4 | III<br>III Addl | 10998 | 22.01.2025 | 40,56,966/- |
| TOTAL | | | | **22,11,88,307/-** |

4. 2024-25 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കൂലിയിനത്തിൽ കെ.ബി.പി.എസിന് നൽകാനുള്ള ആകെ തുകയായ ₹ 22,11,88,307/-ൽ നിന്നും, ആദ്യഘട്ടമായി ₹ 4,73,67,000/- പരാമർശം (2) പ്രകാരവും, രണ്ടാംഘട്ടമായി ₹ 5,00,00,000/- (അഞ്ച് കോടി രൂപ മാത്രം) പരാമർശം (3) പ്രകാരവും 2202-02-106-99-00-34-03 NV" എന്ന ശീർഷകത്തിൽ നിന്ന് അനുവദിച്ച് ഉത്തരവായിരുന്നു.

5. 2024-25 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കൂലിയിനത്തിൽ കെ.ബി.പി.എസ്.-ന് നൽകാനുള്ള ബാക്കി തുകയായ 12,38,21,307/-(പന്ത്രണ്ടുകോടി മുപ്പത്തിയെട്ടുലക്ഷത്തി ഇരുപത്തിയൊന്നായിരത്തി മുന്നൂറ്റിയേഴ് രൂപ മാത്രം) 2026-27 സാമ്പത്തിക വർഷം "2202-02-106-99-00-34-03 NV" എന്ന ശീർഷകത്തിൽ നിന്നും അധിക ധനാനുമതി മുഖേന അനുവദിച്ചു നൽകണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (4) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2024-25 അദ്ധ്യയനവർഷത്തെ പാഠപുസ്തക അച്ചടിക്കൂലിയിനത്തിൽ കെ.ബി.പി.എസ്.-ന് നൽകാനുള്ള തുകയിൽ, 3,00,00,000/- രൂപ (മൂന്ന് കോടി രൂപ മാത്രം) "2202-02-106-99-00-34-03 NV" എന്ന ശീർഷകത്തിൽ നിന്നും കെ.ബി.പി.എസ്.- ന് അനുവദിച്ചു നൽകുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അപ്സര ടി ടി

അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ(എ&ഇ), ഓഡിറ്റ്, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള ബുക്ക്സ് & പബ്ലിക്കേഷൻസ് സൊസൈറ്റി, കാക്കനാട്, കൊച്ചി

ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം

സ്റ്റേഷനറി കൺട്രോളർ, വികാസ് ഭവൻ, തിരുവനന്തപുരം

പാഠപുസ്തക ഓഫീസർ, പത്മവിലാസം റോഡ്, തിരുവനന്തപുരം

ധനകാര്യവകുപ്പ് (19.08.2026 തീയതിയിലെ E:3456381/EDN-B3/67/2026-FIN നമ്പർ അഭിപ്രായപ്രകാരം)

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, പൂജപ്പുര(പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ& പി.ആർ.ഡി

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Sajitha V
Date: 31-08-2026
10:30:01

സെക്ഷൻ ഓഫീസർ